പെൻഷൻ നിരസിക്കേണ്ടിവരുന്ന അവസരങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസ്ഥയിൽ ഇളവുവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ക്ഷേമ ബോർഡുകളുടെ പ്രവർത്തനം

65 (4121) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷേമ ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് ?

ഉത്തരം

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം പരിശോധിച്ച് അവ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് സാമ്പത്തികമായി പ്രയാസം നേരിടുന്ന ബോർഡുകൾ സ്വയം പര്യാപ്തമാക്കുകയും അംഗസംഖ്യ പരിമിതമായതും സാമ്പത്തിക വിഷമതകൾ അനുഭവിക്കുന്നതുമായ ബോർഡുകൾ ഏകീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന് മാർഗ്ഗരേഖ സമർപ്പിക്കുന്നതിനുമായി 1-1-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 07/2009/തൊഴിൽ പ്രകാരം മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

ക്ഷേമനിധി ബോർഡുകളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി 28-5-2009-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 712/2009/തൊഴിൽ പ്രകാരം ഡോ. എ. വി. ജോസ് അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ പ്രവർത്തനം നടന്നുവരികയാണ്.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ശാഖ ചെങ്ങന്നൂരിൽ സ്ഥാപിക്കാൻ നടപടി

66 (4122) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശാഖ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ശാഖ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബോർഡിൽ അംഗങ്ങളായ എത്ര പേർ ചെങ്ങന്നൂർ നിവാസികളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly